# ശഅ്ബാൻ മാസപ്പിറവി സംഘടനകൾ തെറ്റുതിരുത്തണം

കേരളത്തിലെ മുസ്‌ലിം സംഘടനകൾ ശഅബാൻ മാസപ്പിറവി നിശ്ചയിച്ചത് അങ്ങേയറ്റം ലാഘവ ബുദ്ധിയോടെയാണ്. 21.06.12 വ്യാഴാഴ്ചയും 22.06.12 വെള്ളിയാഴ്ചയും ശഅബാൻ ഒന്നാംതിയ്യതിയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഇതുരണ്ടും തെറ്റാണ്. റജബ് മാസം പിറന്നത് ഒരു സൂര്യഗ്രഹണത്തോടു കൂടിയായിരുന്നു. 20.05.12 ഞായറാഴ്ച സൂര്യഗ്രഹണമുണ്ടായി. സൂര്യഗ്രഹണം ചന്ദ്രമാസത്തിന്റെ അവ സാനദിവസത്തിലാണ് സംഭവിക്കുക. പ്രസ്തുത ദിവസം ചന്ദ്രനെ കാണുകയില്ലെന്ന് മുഫസ്സിറുകൾ വ്യക്തമാക്കിയിട്ടുണ്ട്. 21.05.12 തിങ്കളാഴ്ച റജബ് ഒന്നാം തിയതിയായിരുന്നു. റജബ് മാസത്തിൽ 30 ദിവ സങ്ങളുണ്ടായിരുന്നു. 20.6.12 ബുധനാഴ്ചയാണ് ശഅബാൻ ഒന്നാം തിയ്യതി. ശഅബാൻ മാസത്തിലും 30 ദിവസങ്ങളുണ്ട്. അതിനാൽ 20.7.12 വെള്ളിയാഴ്ച റമദാൻ ആരംഭിക്കുന്നതാണ്.

വി.ഖുർആൻ 9:36 വചനത്തിൽ പറഞ്ഞ 4 പവിത്രമാസങ്ങളിൽ ഒന്നാണ് റജബ്. റജബ് മാസത്തെ നിശ്ചയിക്കുന്നതിൽ മുസ്‌ലിം സംഘടനകൾ അനാസ്ഥകാണിച്ചു. നബി(സ)ശഅബാൻ മാസത്തെ പ്രത്യേകം നിരീക്ഷിക്കുമായിരുന്നു. എന്ന് ആയിശ(റ)ൽ നിന്നും അബൂദാവൂദ് റിപ്പോർട്ട് ചെയ്ത ഹദീസ് കാണാം. റമദാൻ കൃത്യമായി നിശ്ചയിക്കുന്നതിന്നാണ് ശഅബാനിലെ കലകൾ പ്രത്യേകം നിരീക്ഷിക്കു ന്നത്. പക്ഷേ, കേരളത്തിലെ മുസ്‌ലിം സംഘടനകൾ മേൽ സുന്നത്ത് നടപ്പിലാക്കാൻ തയ്യാറാകുന്നില്ല. പകരം ഓരോ സംഘടനയും തങ്ങൾക്ക് തോന്നിയ പോലെയാണ് തിയ്യതി നിശ്ചയിച്ചിരിക്കുന്നത്. ഇത് റമദാൻ തുടക്കവും തെറ്റാനിടവരുത്തും. ശഅബാൻ 29ന്നാണല്ലോ റമദാൻ മാസപ്പിറവി അന്വേഷിക്കേ ണ്ടത്. ഒരു വിഭാഗം 19.7.12ന് പിറവി അന്വേഷിക്കുമ്പോൾ മറുഭാഗം 20.7.12ന്നാണ് നോക്കുക. റമദാനിലെ ഭിന്നിപ്പ് ഇല്ലാതാക്കാൻ നബി(സ)യുടെ സുന്നത്ത് പ്രകാരം ശഅബാനിലെ ചന്ദ്രക്കലകൾ നോക്കി കൃത്യ മായ തിയ്യതി നിശ്ചയിക്കുകയാണ് വേണ്ടത്.

ബഹു. ഖാദിമാർ ബറാഅത്ത് രാവായി പ്രഖ്യാപിച്ചിരിക്കുന്നത് 5.7.2012 വ്യാഴാഴ്ചയാണ്. ശഅബാൻ മാസത്തിലെ പൗർണമിയിലാണ് ബറാഅത്ത് രാവായി ആചരിക്കുന്നത്. 5.7.2012 ന് ശഅബാൻ 16-ാം തിയ്യതിയാണ്. സൂര്യാസ്തമയശേഷം ഒരു മണിക്കൂർ കഴിഞ്ഞ് മാത്രമേ ചന്ദ്രൻ ഉദിക്കുകയുള്ളൂ. ഇതിൽ നിന്ന് തന്നെ തിയ്യതി തെറ്റിയത് മനസ്സിലാക്കാം. ആയതിനാൽ ഖുർആൻ 2:189, 10:5, 36:39 വചനങ്ങളിലെ വിധി പ്രകാരം ചന്ദ്രക്കലകളും അവയുടെ സ്ഥാനങ്ങളും നിരീക്ഷിച്ച് കൃത്യമായ തിയ്യതികൾ നിശ്ചയിക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു.

ടി.അബ്ദുഷുക്കൂർ